**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 889** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>പരപ്പൻപൊയിൽ - കാരക്കുന്നത്ത് റോഡ് നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. ഫിറോസ്

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** കൊടുവള്ളി നിയോജക മണ്ഡലത്തിൽ കേരള റോഡ് ഫണ്ട് ബോർഡ് (കെ ആർ എഫ് ബി) പ്രവൃത്തി നിർവഹണം നടത്തുന്ന പരപ്പൻപൊയിൽ-കാരക്കുന്നത്ത് റോഡ് നിർമ്മാണത്തിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**(ബി)** പ്രസ്തുത പ്രവൃത്തി ത്വരിതപ്പെടുത്തുന്നതിന് വകുപ്പ് തല യോഗം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ;

**<u>മറുപടി:</u>** പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് വകുപ്പുതല യോഗങ്ങൾ നടത്തിയിട്ടുണ്ട്. അതിൻപ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്

**(സി)** പ്രസ്തുത പ്രവൃത്തി ആരംഭിച്ച തീയതിയും പൂർത്തീകരണ കാലയളവും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പ്രവൃത്തി ആരംഭിച്ച തീയതി : 11.02.2025

പൂർത്തീകരണ കാലാവധി : 18 മാസം

**(ഡി)** നിർമ്മാണത്തിലിരിക്കുന്ന പത്ത് കിലോമീറ്റർ ദൂരം വരുന്ന പ്രസ്തുത റോഡിൽ കുഴികളിലും വരമ്പുകളിലും മഴവെള്ളവും ചെളിയും കെട്ടിനിൽക്കുന്നത് മൂലം സംഭവിക്കാവുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

**<u>മറുപടി:</u>** റോഡിലെ കുഴികൾ Granular material ഉപയോഗിച്ച് മൂടുന്നതിനും, വരമ്പുകളിലെ വെള്ളക്കെട്ടുകൾ ഒഴിവാക്കുന്നതിനും, റോഡ് ഗതാഗത യോഗ്യമാക്കുന്നതിനും കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രവൃത്തി പുരോഗമിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**